Draft #7 of File D/3291/22/GPC-KSRD Approved by Principal in Charge on 03-Jul-2023 12:52 PM - Page 2


# ഗവൺമെന്റ് പോളിടെക്നിക് കോളേജ് കാസറഗോഡ്

പെരിയ പി.ഒ, കാസറഗോഡ് ജില്ല, പിൻ: 671320

ഫോൺ: 04672-234020, 9400006458, Email: principalksgd@gmail.com)


നം: D/3291/22/GPC-KSRD തിയ്യതി: 01.07.2023

## ക്വട്ടേഷൻ/ലേല പരസ്യം

കാസറഗോഡ് ഗവ: പോളിടെക്നിക്ക് കോളേജ് കാമ്പസ്സിലെ അക്കേഷ്യ മരങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി 20.07.2023 ന് രാവിലെ 11.30 മണിക്ക് കോളേജിന്റെ സെമിനാർ ഹാളിൽ വെച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വിൽപന നടത്തുന്നതാണ്.

| ക്രമ നമ്പർ | സ്ഥലം | മരത്തിന്റെ ഇനം | എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഗവ: പോളിടെക്നിക്ക് കോളേജ്, കാസറഗോഡ് | അക്കേഷ്യ (Timber) | 53 എണ്ണം | മുറിച്ച് നീക്കുവാൻ |
| 2 | | അക്കേഷ്യ (Firewood) | 293 എണ്ണം | |

നിബന്ധനകൾ:-

1. ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം 20.07.2023 ന് രാവിലെ 11.00 മണിക്ക് മുമ്പായി Rs .2158/- (രണ്ടായിരത്തി ഒരുന്നൂറ്റി അൻപത്തി എട്ട് രൂപ മാത്രം) നിരതദ്രവ്യം പോളിടെക്നിക് കോളേജിൽ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേലദിവസം രാവിലെ 11.00 മണിക്ക് മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം / ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം / ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് ലേല മരങ്ങൾ കോളേജ് അധികാരികളുടെ സാന്നിധ്യത്തിൽ മുറിച്ച് മാറ്റേണ്ടതുമാണ്.

3. ലേലം / ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം / ക്വട്ടേഷൻ തുകയുടെ 25% സെക്യൂരിറ്റി സംഖ്യയായ അന്നേദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്

GOVT. POLYTECHNIC COLLEGE Date:........ PERIYA - 671 320 * KASARAGOD *

4. ലേലത്തിൽ പിടിച്ച മരങ്ങൾ മുറിക്കുവാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം പോളിടെക്നിക് കോളേജിലെ വസ്തുവകൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ കൂടാതെ മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം സംഭവിക്കുന്ന നാശ നഷ്ടങ്ങൾക്ക് നിയമ വിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തി ലഭിച്ചാൽ ഉടൻ തന്നെ സ്വന്തം ചെലവിൽ വസ്തുവകൾക്കോ കെട്ടിടങ്ങൾക്കോ മറ്റ് വൃക്ഷങ്ങൾക്കോ പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ സ്വത്തുവകൾക്കോ യാതൊരുവിധമായ നഷ്ടവും ഉണ്ടാക്കാതെ മരങ്ങൾ മുറിക്കേണ്ടതും തടി നീക്കം ചെയ്യേണ്ടതുമാണ്.

5. മരങ്ങൾ മുറിക്കുന്നതിന് മുമ്പ് മരങ്ങളിൽ പക്ഷിക്കൂട് ഇല്ല എന്നും പക്ഷികൾ വസിക്കുന്നില്ല എന്നും, വിശ്രമിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.മരങ്ങൾ മുറിക്കുമ്പോൾ, മനുഷ്യനോ പക്ഷികൾക്കോ മറ്റു ജന്തുജാലങ്ങൾക്കോ യാതൊരു വിധ ആപത്തോ ശല്യങ്ങളോ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. ലേലം/ക്വട്ടേഷൻ വിളിച്ചയാൾ, ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (GST) ലേലസംഖ്യയുടെ 5% വനവികസന നികുതിയായും 2.5%ആദായനികുതിയും ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

7. ലേലം ഉറപ്പിക്കുവാനോ മാറ്റിവെയ്ക്കുവാനോ പുനർ ലേലം നടത്തുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൽ(സ്ഥാപന മേധാവി) നിക്ഷിപ്തമാണ്.ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

8. മുറിച്ച് ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നമരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പോളിടെക്നിക് കോളേജിലെ നിശ്ചിത പ്രദേശങ്ങളിൽ വന്ന് പരിശോധിക്കാവുന്നതാണ്.ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ പോളിടെക്നിക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

9. അവിചാരിതമായ കാരണങ്ങളാൽ ലേലം മാറ്റി വെക്കുന്നതിന് ഈ ലേല നോട്ടീസിൽ അടിയിൽ ഒപ്പിട്ടിരിക്കുന്നയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

GOVT. POLYTECHNIC COLLEGE
Date:..............
PERIYA - 671 320
KASARAGOD

പ്രിൻസിപ്പാൾ

PRINCIPAL
GOVT. POLYTECHNIC COLLEGE
KASARAGOD
PERIYA - 671 320



Draft #7 of File D/3291/22/GPC-KSRD Approved by Principal in Charge on 03-Jul-2023 12:52 PM - Page 3

Draft #7 of File D/3291/22/GPC-KSRD Approved by Principal in Charge on 03-Jul-2023 12:52 PM - Page 4

പകർപ്പ്:-

1. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
   അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം
   സാമൂഹ്യ വനവൽക്കരണ വിഭാഗം,കാസറഗോഡ്
   ഉദയഗിരി, വിദ്യാനഗർ (പി.ഒ)-671121

2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,സിവിൽ സ്റ്റേഷൻ കാസറഗോഡ് (എല്ലാ പത്ര ദൃശ്യ മാദ്ധ്യമങ്ങളിലും പ്രാദേശികമായും പൊതുവായും പരസ്യം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനായി)
3. പുല്ലൂർ -പെരിയ പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. പെരിയ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
5. പെരിയ, കൃഷിഭവൻ നോട്ടീസ് ബോർഡ്
6. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡ്
7. ഹോസ് ദുർഗ് താലൂക്ക് ഓഫീസ് നോട്ടീസ് ബോർഡ്
8. സാങ്കേതിക വിദ്യഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.dtekerala.gov.in)
9. സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡ്
10. കാന്റീൻ നോട്ടീസ് ബോർഡ്
11. പോളിടെക്നിക് കോളേജ് ഔദ്യോഗിക വെബ്സൈറ്റ് (www.gpckasaragod.ac.in)
12. പ്രസ്സ് ക്ലബ്ബ്, കാസറഗോഡ്
13. നടപ്പ് ഫയൽ / കരുതൽ സഞ്ചയം

GOVT. POLYTECHNIC COLLEGE
Date:..................
PERIYA - 671 320
KASARAGOD